ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം - 14
Email: director.ims@kerala.gov.in Phone:0471-2323960 Website:www.ims.kerala.gov.in

നം. ഡി3-2387/2023/DIMS.

തീയതി:18-09-2023

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ഇ.മെ.സ.വകുപ്പ്-പുതിയറ ഇ എസ് ഐ ഡിസ്പെൻസറിയിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ ജോലിചെയ്തു വന്നിരുന്ന ഡോ: ശ്രീജ രാജിനെതിരെയുള്ള അച്ചടക്ക നടപടി- സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം അറിയിക്കുന്നത് സംബന്ധിച്ച് -

സൂചന :
1. No.804/2023/-G1/RDD/IMS/NZ/Dated. 23/02/2023.
2. No.E3-1008/2023/DIMS/24/03/2023.
3. No.36/2023/-G1/RDD/IMS/NZ/Dated. 26/05/2023.
4. പുതിയറ ഇ എസ് ഐ ഡിസ്പെൻസറി ഐ എം ഒ യുടെ 14/02/2023 ലെ 22/23 നമ്പർ കത്ത് .
5. 10/07/2023 ലെ ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
6. താങ്കളുടെ പ്രതിവാദ പത്രിക,തീയതി 01/08/ 2022 .

പുതിയറ ഇ എസ് ഐ ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ:ശ്രീജാ രാജ് എന്ന താങ്കൾ 19/01/2023 മുതൽ രണ്ടു വർഷത്തെ ശൂന്യ വേതന അവധിക്ക് അപേക്ഷിച്ച ശേഷം ജോലിക്കു ഹാജരാകാതിരുന്ന വിവരം മേൽസൂചന (1) പ്രകാരം ഉത്തര മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.താങ്കൾ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും സർക്കാരിന്റെയോ,വകുപ്പിന്റെയോ അനുമതിയില്ലാതെ വിദേശത്ത് പോവുകയും ചെയ്തതിനാൽ ,അടിയന്തിരമായി തിരികെ ജോലിയിൽ പ്രവേശിക്കണമെന്നും ,കാരണം ബോധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് താങ്കൾക്ക് മേൽസൂചന (2) പ്രകാരം നോട്ടീസ് നൽകിയിരുന്നു.തുടർന്ന് താങ്കൾ ജോലിയിൽ തിരികേ പ്രവേശിക്കുകയോ ,വിശദീകരണം നൽകുകയോ ചെയ്തിട്ടില്ലായെന്ന് മേൽസൂചന (3) പ്രകാരം ഉത്തരമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും,താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിക്കുകയും മേൽസൂചന (5) പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തിരുന്നു.

താഴെപ്പറയുന്ന കുറ്റങ്ങളാണ് താങ്കൾക്കെതിരെ ചുമത്തുകയുണ്ടായത്:-

1. 19/01/2023 മുതൽ രണ്ടു വർഷത്തെ ശൂന്യ വേതന അവധിക്ക് അപേക്ഷിച്ച ശേഷം ജോലിക്കു ഹാജരാകാതിരുന്നു .ബന്ധപ്പെട്ട അധികാരിയോ സർക്കാരോ അവധി അനുവദിക്കുന്നതിന് മുമ്പേ സ്വയം അവധിയിൽ പ്രവേശിക്കുകയും 19/01/2023 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുകയും

ചെയ്തതിനാൽ KSR Part I , rule 9 of Appexdix XII A, പ്രകാരം സർവീസിൽ നിന്ന് പുറത്താക്കപ്പെടാവുന്ന ഗുരുതര അച്ചടക്ക ലംഘനം നടത്തി.

2. പരിരക്ഷിത വ്യക്തികൾക്ക് ചികിത്സാ സേവനം നല്കുന്നതിലേക്കായി സർക്കാർ നിയമിച്ച മെഡിക്കൽ ഓഫീസർ ആയ താങ്കൾ വകുപ്പിന്റെയോ സർക്കാരിന്റെയോ മുൻകൂർ അനുമതി വാങ്ങാതെ ഇന്ത്യ വിട്ട് വിദേശത്തേക്ക് പോവുകവഴി പൊതു താൽപ്പര്യത്തിന് എതിരായി പ്രവർത്തിക്കുകയും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട ലംഘനം നടത്തുകയും ചെയ്തു .

ടി കുറ്റപത്രത്തിന് താങ്കൾ മേൽ സൂചന(6) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു .സുപ്പീരിയർ യോഗ്യത നേടാൻ ബഹറിനിലുള്ള സ്ഥാപനത്തിൽ 19/01/2023 മുതൽ ചേർന്നു,പഠനത്തിന് വേണ്ടി NOC യ്ക്കും ,19/01/2023 മുതൽ രണ്ടു വർഷത്തേയ്ക്ക് ശൂന്യ വേതന അവധിക്കുമുള്ള അപേക്ഷ 16/09/2022 ന് സമർപ്പിച്ചിരുന്നു,സുപ്പീരിയർ മെഡിക്കൽ യോഗ്യത നേടുന്നത് സമൂഹത്തിന് കൂടുതൽ ഗുണകരമാകും എന്നതിനാൽ വിദേശ പഠനത്തിന് NO OBJECTION നും ,അവധിയും അനുവദിക്കുമെന്ന ഉത്തമ വിശ്വാസത്തിലാണ് 19/01/2023 മുതൽ ജോലിയിൽ നിന്നും വിട്ടു നിൽക്കുകയുണ്ടായത്,ഇത് വരെയുള്ള സർവീസ് കാലയളവിൽ പരാതിക്കും അച്ചടക്ക നടപടിക്കും ഇടയാക്കാതെ സത്യസന്ധമായും ഉത്തരവാദിത്വത്തോടെയും ജോലി നിർവഹിച്ചിട്ടുള്ള ജീവനക്കാരിയെന്ന നിലയിൽ ,സർവീസിലെ തുടക്കക്കാരിയും സർവീസ് ചട്ടങ്ങളിൽ അറിവില്ലാത്ത ആളുമെന്ന പരിഗണന നൽകി തെറ്റു കുറ്റങ്ങൾ സംഭവിച്ചു പോയിട്ടുണ്ടെങ്കിൽ സദയം മാപ്പാക്കണം ,നിലവിൽ തുടർന്ന് വരുന്ന പഠനം പൂർത്തിയാക്കാൻ അനുവദിക്കണം ,കൂടുതൽ വിശദീകരണം ആവശ്യമെങ്കിൽ ആയത് സമർപ്പിക്കുവാൻ അവസരം നൽകണം മുതലായ വിവരങ്ങളാണ് ഡോ:ശ്രീജാ രാജ് എന്ന താങ്കൾ പ്രതിവാദ പത്രികയിലൂടെ അറിയിക്കുകയുണ്ടായത്.

പുതിയറ ഐഎംഒ വഴി താങ്കൾ 14/02/2023 ന് സമർപ്പിച്ചിരിക്കുന്ന ശൂന്യ വേതന അവധിക്കും ,NOC യ്ക്കുമുള്ള പ്രൊപ്പോസലിലെ ലീവ് അപേക്ഷയിലും, ഒപ്പം സമർപ്പിച്ചിരിക്കുന്ന Representation, Bond ,Declaration എന്നിവയിലും താങ്കൾ ഒപ്പ് വച്ചിരിക്കുന്നത് 18/01/2023 തീയതി രേഖപ്പെടുത്തിയാണ്.ഇതിൽ നിന്നും പഠനത്തിന് വേണ്ടി NOC യ്ക്കും ,19/01/2023 മുതൽ രണ്ടു വർഷത്തേയ്ക്ക് ശൂന്യ വേതന അവധിക്കുമുള്ള അപേക്ഷ 16/09/2022 ന് സമർപ്പിച്ചിരുന്നുവെന്ന താങ്കളുടെ വാദം കളവാണെന്നും, താങ്കൾ 19/01/2023 മുതൽ വിദേശത്ത് പഠനത്തിന് ചേരുന്നതിന് അനുമതിക്കായി 18/01/2023 ന് മാത്രമാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും തെളിയുന്നു. 19/01/2023 ന് ബഹറിനിൽ പഠനത്തിന് ചേർന്നതായും ,നിലവിൽ തുടർന്ന് വരുന്ന പഠനം പൂർത്തിയാക്കാൻ അനുവദിക്കണമെന്നും താങ്കൾ പ്രതിവാദ പത്രികയിലൂടെ അഭ്യർത്ഥിച്ചിട്ടുമുണ്ട് .ആയതിനാൽ ഡോ:ശ്രീജ രാജ് എന്ന താങ്കൾ 19/01/2023മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നു , സർക്കാരിന്റെയോ,വകുപ്പിന്റെയോ അനുമതിയില്ലാതെ ,വിദേശത്തു പോയി,ഒരു സർക്കാർ ജീവനക്കാരിയെന്ന നിലയിൽ തന്നിലർപ്പിതമായ കടമകൾ നിർവഹിക്കാതിരുന്നത് വഴി പൊതു താല്പര്യത്തിന് എതിരായി പ്രവർത്തിച്ചു, എന്നീ കുറ്റങ്ങൾ ചെയ്തിരിക്കുന്നതായി താങ്കൾ തന്നെ സമർപ്പിച്ച രേഖകളിൽ നിന്നും, പ്രതിവാദ പത്രികയിൽ നിന്നും വ്യക്തമാകുന്നു.നിലവിലും താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കാനുള്ള സന്നദ്ധത അറിയിക്കുകയുണ്ടായിട്ടുമില്ല.

ഇ എസ് ഐ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള പരിരക്ഷിത വ്യക്തികൾക്ക് ചികിത്സാ സേവനം നൽകുന്നതിനായി സർക്കാർ നിയമിച്ചിരുന്ന മെഡിക്കൽ ഓഫീസറായ താങ്കൾ, തന്നിൽ നിക്ഷിപ്തമായ കടമ നിർവഹിക്കാതെയും സർക്കാർ ചട്ടങ്ങൾ പാലിക്കാതെയും ഗുരുതര അച്ചടക്ക

ലംഘനം നടത്തിയിരിക്കുന്നു. ഇത്തരം അച്ചടക്ക ലംഘനങ്ങൾ ഗൗരവമായി കാണാതിരിക്കുകയും കഠിന ശിക്ഷ നൽകാതിരിക്കുകയും ചെയ്യുന്നത് വകുപ്പിലെ മറ്റു ജീവനക്കാർക്ക് തെറ്റായ സന്ദേശം നൽകുന്നതിനും ഇത്തരം അച്ചടക്ക ലംഘനങ്ങൾ ആവർത്തിക്കുന്നതിനും ഇടയാക്കും.

ആയതിനാൽ പുതിയറ ഇ എസ് ഐ ഡിസ്പെൻസറിയിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഡോ:ശ്രീജാ രാജ് എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ റൂൾ11 (vii) പ്രകാരം സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. **പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകമോ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകമോ താങ്കൾക്ക് രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്.** അല്ലാത്ത പക്ഷം താങ്കൾക്ക് ഇത് സംബന്ധിച്ച് ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ, മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Malini S
Date: 18-09-2023 15:03:39

**ഡോ:എസ് .മാലിനി**

**ഡയറക്ടർ**

**ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്**

<u>സ്വീകർത്താവ്</u>

ഡോ: ശ്രീജ രാജ്
അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ
ഇ.എസ്.ഐ ഡിസ്പെൻസറി പുതിയറ
(Through Head of Office)

<u>പകർപ്പ്:-</u>

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ/മദ്ധ്യ/ഉത്തര മേഖല / കൊല്ലം/എറണാകുളം/കോഴിക്കോട്
2. ഇ.എസ്.ഐ ഡിസ്പെൻസറി, പുതിയറ
(നോട്ടീസിന്റെ ന്റെ ഒരു പകർപ്പിൽ ഡോ: ശ്രീജ രാജിന്റെ കൈപ്പറ്റ രസീത് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)
3. ഇ1സെക്ഷൻ
4. Website/ഇ-മെയിൽ
5. ഫയൽ/സ്റ്റോക്ക് ഫയൽ